DESPATCHED
On. 15/12/21...

S-20CCl
25/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.105(5)/18/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 155/SIC-G7/2018

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. നീരജ് റോയി, റോഷൻ,
റ്റി.സി.12/21, പ്ലാമൂട്, പി.എം.ജി.റോഡ്,
പട്ടം, തിരുവനന്തപുരം – 695 004. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) ഉപവിഭാഗം,
പി.എം.ജി.ജംഗ്ഷൻ, തിരുവനന്തപുരം – 33.

2. അപ്പീൽ അധികാരി,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) ഉപവിഭാഗം,
പി.എം.ജി.ജംഗ്ഷൻ, തിരുവനന്തപുരം – 33.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 11.08.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 24.08.2017 |
| ഒന്നാം അപ്പീൽ | 21.09.2017 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 09.10.2017 |
| രണ്ടാം അപ്പീൽ | 05.01.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 03.09.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.നീരജ് റോയി 11.08.2017 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, പി.എം.ജി.പ്ലാമൂട് റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 24.08.2017 ന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 21.09.2017 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിന്മേൽ 09.10.2017 ൽ അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 03.09.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ടിരുന്ന 5,8 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ഓഫീസിൽ ലഭ്യമല്ലെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. തനിക്ക് വ്യത്യസ്തമായ രീതിയിലുള്ള മറുപടിയാണ് ലഭ്യമാക്കിയതെന്നും, ലഭ്യമാക്കിയ രേഖകളിലൊന്നും സീൽ പതിപ്പിച്ചിട്ടില്ലെന്നും ആയതിനാൽ ആധികാരികമായി പ്രസ്തുത രേഖകൾ ഹാജരാക്കുവാൻ കഴിയുന്നില്ലെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

5. വിവരാവകാശ നിയമപ്രകാരം വിവരം ലഭ്യമാക്കുന്നതിനായി അപേക്ഷകർ അപേക്ഷ സമർപ്പിക്കുമ്പോൾ പ്രസ്തുത വിഷയം മറ്റൊരു അധികാര സ്ഥാനത്തിന്റെ കൈവശത്തിലുള്ളപ്പോഴും, പ്രതിപാദ്യ വിഷയം മറ്റൊരു അധികാര സ്ഥാനത്തിന്റെ ചുമതലകളുമായി ബന്ധപ്പെട്ടിരിക്കുമ്പോഴും അത്തരം അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം പ്രസ്തുത പൊതുഅധികാര സ്ഥാനത്തേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും പ്രസ്തുത വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം അപേക്ഷകന്റെ അപേക്ഷ കൈമാറുന്നതിൽ എസ്.പി.ഐ.ഒ യ്ക്ക് വീഴ്ച പറ്റിയതായും, 6(1) പ്രകാരമുള്ള

അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയപ്പോൾ പ്രസ്തുത മറുപടിയിൽ അപ്പീൽ അധികാരിയുടെ പേരും വിലാസവും അപ്പീൽ സമർപ്പിക്കേണ്ട സമയപരിധിയും രേഖപ്പെടുത്തിയിട്ടില്ലായെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

6. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് എതിർകക്ഷി നിയമാനുസൃതം മറുപടി ലഭ്യമാക്കാതെ നിരുത്തരവാദപരമായ മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം പ്രസ്തുത ഓഫീസിൽ ലഭ്യമല്ലെങ്കിൽ വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം വിവരം ലഭ്യമാകുന്ന പൊതു അധികാര സ്ഥാനത്തിലേയ്ക്ക് പ്രസ്തുത അപേക്ഷ കൈമാറേണ്ടതാണ്. എസ്.പി.ഐ.ഒ. അപേക്ഷ കൈമാറാതെ വിവരം ലഭ്യമല്ലെന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. വിവരാവകാശ അപേക്ഷയ്ക്ക് തികച്ചും നിരുത്തരവാദപരമായാണ് എസ്.പി.ഐ.ഒ മറുപടി നൽകിയിരിക്കുന്നത്. ആയതിനാൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടെ പേരിൽ 20(1) വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. അപ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം കമ്മീഷനെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇനിയൊരു അറിയിപ്പ് ഇല്ലാതെ ശിക്ഷാ നടപടിയുമായി കമ്മീഷൻ മുന്നോട്ടുപോകുന്നതാണ്.

7. വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളും രേഖകളും ശേഖരിച്ച് സാക്ഷ്യപ്പെടുത്തി എസ്.പി.ഐ.ഒ ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനിൽ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 5-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn